മിസ്സിസ് കെ. എം. ആർ. മേനോൻ: അതുമാതിരി ഇവിടെയും കൺട്രോൾ എടുത്തു കളഞ്ഞാൽ ബുദ്ധിമുട്ടുണ്ടാകാതിരിക്കുവാൻ വല്ല ഏർപ്പാടും ചെയ്യുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതുകൊണ്ടാണു ഡി കൺട്രോൾ ചെയ്തിട്ടു കൺട്രോൾ എടുത്തുകളയുമെന്നു പറയുന്നതു്.

മിസ്റ്റർ പി. നാരായണമേനോൻ: കരിപ്പെട്ടി ചക്കരയെന്നുള്ളതിനു് കരിനിയമം പോലെയുള്ള ഒരർത്ഥത്തിലാണോ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നതു്?

Mr. President: It is a frivolous question; that need not be answered.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണഗൗണ്ടർ: ചിറ്റൂർ താലൂക്കിൽ നിന്നും ഇതു് ബ്രിട്ടീഷിലേക്കു കൊണ്ടുപോകുവാൻ പെർമിറ്റു കൊടുക്കുന്നുണ്ടു്. അപ്പോൾ ചിറ്റൂരിൽ നിന്നും തൃശ്ശിവപേരൂക്കു് കൊണ്ടുപോകുവാൻ പെർമിറ്റു കൊടുക്കാത്തതു എന്തുകൊണ്ടാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ആലോചിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ ശർക്കരക്കു് പകരം വിലയെ കൊടുക്കണ്ടതുള്ളുവെന്നു് കച്ചവടക്കാരെ അറിയിച്ചിട്ടുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education)*: I don't think it is to the interest of the public to disclose all that has taken place.

HYDRO E-LECTRIC DEPARTMENT—WORK ENTRUSTED TO CONTRACTORS

166. Mr P. K. Dewer *(Nominated)*: Will Government be pleased to state.—

(*a*) the number of works entrusted for execution to contractors by the Hydro-Electric Department;

(*b*) the number of works entrusted after calling for tenders and the number of works entrusted without calling for tenders;

(*c*) the number of cases in which lowest tenders were rejected and works entrusted to others at higher rates and the reasons for doing so?

Rao Bahadur T. K. Nayar *(Prime Minister)*:

(*a*) 20.

(*b*) 15 and 5 respectively.

(*c*) Nil.

മിസ്റ്റർ പി. കെ. ഡിവർ: P. W. D. യിലേയും ഹൈഡ്രോ ഇലക്ട്രിക്കിലേയും കൂടി താരതമ്യപ്പെടുത്തി നോക്കിയാൽ ഹൈഡ്രോ ഇലക്ട്രിക്കിൽ കുറഞ്ഞ ടെണ്ടർ സ്വീകരിക്കാതെ കൂടിയ ടെണ്ടറിനു കൊടുത്തിട്ടുണ്ടെന്നറിയുന്നുണ്ടു്. ഈ സ്ഥിതിക്കു് അതിന്റെ വ്യത്യാസം എന്താണെന്നുള്ളതു് മന്ത്രി പറയാമോ?

റാവുബഹദൂർ ടി. കെ. നായർ: താരതമ്യേന നോക്കീട്ടുണ്ടായിരിക്കും. അതിനെപ്പറ്റി വിശദമായി പറയണമെങ്കിൽ നോട്ടിസ്സു് വേണം.

മിസ്റ്റർ പി. കെ. ഡിവർ: കുറഞ്ഞ ടെണ്ടറിനു തന്നെ കൊടുത്തു കൊള്ളണമെന്നില്ലേ?

റാവുബഹദൂർ ടി. കെ. നായർ:— അങ്ങിനെ കൊടുത്തിട്ടുണ്ടാകും.

SALT SUPPLY—AGREEMENT WITH CONTRACTORS

167. Mr. P. Mani *(Kanayannur)*: Will Government be pleased to state.—

(*a*) the names of the contractors who were entrusted with the supply of salt for 1122 showing the quantities which each agreed to supply during that year and the respective rates at which they agreed to supply;

(*b*) whether they have supplied the full agreed quanity during that year;

(*c*) if not what was the balance quantity that remains to be supplied and what action did the Government take for the default?

Mr. Parambi Lonappen *(Minister for Revenue)*:

(*a*) Messrs. Mohamed Ibrahim Mohamed Jaffer & Co., Bombay.
3 lakhs mds. of salt at Rs. 125—5—0 per 100 mds.

(*b*) No.

(*c*) 1,30,098 mds. The matter is pending consideration.

മിസ്റ്റർ പി. മാണി:— ഇതുയും ഉപ്പു് ആ കൺട്രാക്ടർ തരാതിരുന്നതിനുള്ള കാരണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ ഉപ്പു കിട്ടുവാൻ വളരെ വിഷമമായിട്ടുണ്ടെന്നുള്ളതാണു് അയാളുടെ സങ്കട ഹർജ്ജി.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ: ഇത്രയും ഉപ്പ് കുറച്ചുതന്നപ്പോൾ ബാക്കിയുള്ളതിന്നു് എന്തു ചെയ്തു.

റാവുബഹദൂർ ടി. കെ. നായർ: തിരുവിതാംകൂറിൽ നിന്നു കൂടുതൽ വില കൊടുത്തു തല്ക്കാലം നമ്മുടെ ആവശ്യത്തിന്നുകുറെ ഉപ്പുവാങ്ങിച്ചു.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹത്തിന്റെ പേരിൽ നിയമപ്രകാരം നടപടി നടത്തീട്ടില്ലേ?

റാവുബഹദൂർ ടി. കെ. നായർ: അദ്ദേഹത്തിന്നു് കുറച്ചു സമയം കൊടുത്തിരിക്കുകയാണു്.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ൧൦൦ മന്നിന്നു് ൧൨ ൫ക. ൫ണ. വിലയാണെന്നു് ഇതിൽ പറഞ്ഞിട്ടുണ്ടു്. എന്നാൽ ഇപ്പോൾ പുറത്തു കൊടുക്കേണ്ടിവരുന്ന വിലയെത്രയാണെന്നു് പറയാമൊ?

റാവുബഹദൂർ ടി. കെ. നായർ: ഗവർമ്മെണ്ടു ഫിക്സ് ചെയ്തിട്ടുള്ള റെയിറ്റ ൧൨ ൫ക. ൫ണ. യാണു്. എന്നാൽ ഇപ്പോൾ കച്ചവടക്കാരുടെ പക്കൽ നിന്നു വാങ്ങിക്കുന്നതിന്നു് ൩൦൦ക. യോളം കൊടുക്കേണ്ടിവരുന്നുണ്ടെന്നാണു് അറിയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: ഗവർമ്മെണ്ടിന്നു് ഈ വിലക്കു് ഉപ്പു തന്നുകൊള്ളാമെന്നു് അയാൾ എഴുതിട്ടും ഇപ്പോൾ കൂടുതൽ വിലകൊടുത്തു വാങ്ങിക്കേണ്ടതായിട്ടു വന്നിട്ടില്ലേ?

റാവുബഹദൂർ ടി. കെ. നായർ: ബ്രിട്ടീഷിലും തിരുവിതാംകൂറിലുമുള്ള മാക്സറ് റെയിറ്റനുസരിച്ചാണു മേടിച്ചിട്ടുള്ളതു്.

മിസ്റ്റർ പി. കെ. ഡീവർ: ഗവർമ്മെണ്ടിന്റെ നഷ്ടം പരിഹരിക്കുവാൻ വേണ്ടതു് ആലോചിക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: തീർച്ചയായിട്ടും ആലോചിക്കുന്നതാണു്.

മിസ്റ്റർ എം. ഐ. പോൾ: ഗവർമ്മെണ്ടുവകയായിട്ടു മാലിപ്പുറത്തു് ഉപ്പു ഉണ്ടാക്കിയിരുന്നില്ലേ?

റാവുബഹദൂർ ടി. കെ. നായർ: ഉണ്ടായിരുന്നു.

മിസ്റ്റർ എം. ഐ. പോൾ: ഇപ്പോൾ പുറത്തുനിന്നു വാങ്ങിക്കുന്നതും മാലിപ്പുറത്തുണ്ടാക്കുന്നതുമായ ഉപ്പിന്നു് വിലയിൽ എത്ര വ്യത്യാസമുണ്ടാകും?

റാവുബഹദൂർ ടി. കെ. നായർ: അതിന്നു് നോട്ടീസ്സു വേണം.

മിസ്റ്റർ പാറമേൽ അയ്യു് അയ്യു്: തിരുവിതാംകൂറിലെയും മദ്രാസ്സു് സംസ്ഥാനത്തിലേയും ഉപ്പിന്റെ വില അടിസ്ഥാനപ്പെടുത്തിയാണോ ഈ വില നിശ്ചയിച്ചിരിക്കുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: അതുത്തിയിലുള്ള വിലയൊക്കെ നോക്കീട്ടാണു് ഇതു നിശ്ചയിക്കുന്നതു്. ചിലപ്പോൾ അല്പാല്പം വ്യത്യാസം വന്നേക്കാം.

മിസ്റ്റർ പാറമേൽ അയ്യു് അയ്യു്: ചാവക്കാട്ടും കൊച്ചി സംസ്ഥാനത്തിലും തമ്മിൽ ഉപ്പിന്റെ വിലക്കു വളരെ വ്യത്യാസമുണ്ടെന്നു ഗവർമ്മെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെയുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ എം. ഐ. പോൾ: മാലിപ്പുറത്തു് ഇപ്പോൾ ഉപ്പുണ്ടാക്കുന്നുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

മിസ്റ്റർ എം. ഐ. പോൾ: അതിന്നുള്ള കാരണം എന്താണു്?

റാവുബഹദൂർ ടി. കെ. നായർ: അതു ഗവർമ്മെണ്ടുതന്നെ എക്സ്പ്പെരിമെന്റലായി നോക്കിയതിന്നുശേഷം കൺട്രാക്ടരെ എല്പിച്ചുകൊടുക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ പി. മാണി: ബാക്കിയുള്ളതു സപ്ലൈ ചെയ്യാതിരുന്നതിന്നു് അയാളെ ശിക്ഷിക്കാതിരിക്കുന്നതിന്നുവേണ്ടിയല്ലെ ഹർജി തന്നിട്ടുള്ളതു്?

മിസ്റ്റർ പാമ്പി ലോനപ്പൻ: ബാക്കിയുള്ള ഉപ്പു് അയാൾക്കു സപ്ലൈ ചെയ്യുവാൻ നിവൃത്തിയില്ലാതെവന്നു. Communal disturbance കൊണ്ടും മറ്റുമുള്ള കാരണങ്ങളാലുമാണു് അയാൾക്കു സപ്ലൈ ചെയ്യുവാൻ സാധിക്കാതെവന്നതു്.

LIBRARY ARCHIVES Kerala Legislative Assembly